LIBRARY ARCHIVES Kerala Legislative Assembly

സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽഭിത്തി നിർമ്മാണം

94 [281] ശ്രീ. ടി. കെ. ദേവകുമാർ:

,, എ. സി. മൊയ്തീൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽഭിത്തി കെട്ടുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) എത്ര കിലോമീറ്റർ ദൂരത്തിൽ കടൽഭിത്തി നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എന്ത് തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കടൽഭിത്തി നിർമ്മിക്കുന്നതിന് കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു തുക ഇതിനായി ലഭിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) എന്നത്തേക്ക് കടൽഭിത്തി നിർമ്മാണം പൂർത്തീകരിക്കുമെന്ന് പറയാമോ?

ഉത്തരം

(എ ആന്റ് ബി) സുനാമി കടലാക്രമണം രൂക്ഷമായി അനുഭവപ്പെട്ട ആലപ്പുഴ ജില്ലയിലെ തറയിൽകടവ്, അന്ധകാരനാഴി, കുത്തിയതോട്, ഒറ്റമശ്ശേരി, ആലപ്പുഴ ജില്ലാ ആശുപത്രിക്ക് വടക്കുഭാഗം എന്നിവിടങ്ങളിലും കൊല്ലം ജില്ലയിലെ ജയന്തി കോളനി ചെറിയഴീക്കൽ പ്രദേശങ്ങലിലും കടൽഭിത്തി നിർമ്മിക്കുന്നതിന് 940 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് 73,065 കി.മീറ്റർ പുതിയ കടൽഭിത്തികളുടെ നിർമ്മാണത്തിനും 97.45 കി.മീറ്റർ കടൽഭിത്തി പുനർ നിർമ്മാണത്തിനുമായി 333.58 കോടി രൂപയുടെ ധനസഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നും തേടിയിട്ടുണ്ട്.

(ഡി) മുകളിൽ പറഞ്ഞതുപോലെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ തുകയൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(ഇ) സുനാമി ബാധിത പ്രദേശങ്ങളിൽ അനുമതി നൽകിയിട്ടുള്ള പണികൾ അടിയന്തിരമായി ചെയ്തു തീർക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലെ പണികൾ കേന്ദ്ര സഹായം ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കുവാൻ കഴിയും.